# Deepika

# 27 August 2018

# Thiruvanamthapuram; Clean

## മാലിന്യം ക്ലീൻകേരള കമ്പനിക്കു കൈമാറണം: മുഖ്യമന്ത്രി

**തിരുവനന്തപുരം:** പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് നീക്കം ചെയ്യുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്കു കൈമാറണമെന്ന് അവലോകനയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ. പരിസരം വൃത്തിയാക്കുന്നതിൽ ഹരിത കേരള മിഷനും പ്രത്യേകം ശ്രദ്ധിക്കണം. അജൈവ മാലിന്യം ശേഖരിച്ചുവക്കുന്നതിനുള്ള സ്ഥലങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് കണ്ടെത്തണം. ഇങ്ങനെ ശേഖരിക്കുന്ന മാലിന്യം ക്ലീൻ കേരള കമ്പനിക്കു കൈമാറണം. ക്ലീൻ കേരള കമ്പനിക്ക് അവ പെട്ടെന്ന് പൂർണമായും ചെയ്യാൻ കഴിയില്ലെങ്കിൽ മറ്റ് ഏജൻസികളുടെ സഹായവും തേടണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

കുടിവെള്ളം എല്ലായിടത്തും ലഭ്യമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. കിയോസ്ക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പെട്ടെന്ന് പൂർത്തിയാക്കണം. വീടുകളിൽ പാത്രങ്ങളിൽ വെള്ളം വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്.

കന്നുകാലികൾക്ക് ഭക്ഷണം ലഭ്യമാക്കാനുള്ള നടപടികൾ സജീവമായി നടക്കുന്നുണ്ട്. ഇതിനകം ഒരു ലക്ഷത്തിലേറെ ചാക്ക് (50 കിലോ) കാലിത്തീറ്റ വിതരണം ചെയ്തു. കേരള ഫീഡ്സിൽ നിന്നും മിൽമയിൽ നിന്നും കൂടുതൽ കാലിത്തീറ്റ ലഭിക്കുന്നുണ്ട്. നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡിൽ നിന്നു 500 ടൺ കാലിത്തീറ്റ ലഭിച്ചു.

യോഗത്തിൽ ചീഫ് സെക്രട്ടറി ടോം ജോസ്, പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി സുബ്രതോ ബിശ്വാസ്, പൊതുഭരണ പ്രിൻസിപ്പൽ സെക്രട്ടി ബിശ്വനാഥ് സിഹ്ന, ഫയർ ഫോഴ്സ് മേധാവി എ. ഹേമേന്ദ്രൻ, വനം- വന്യജീവി പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വേണു, ജലവിഭവ സെക്രട്ടറി ടിങ്കു ബിസ്വാൾ, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി നളിനി നെറ്റോ, പ്രിൻസിപ്പൽ സെക്രട്ടറി വി.എസ്. സെന്തിൽ എന്നിവർ പങ്കെടുത്തു.